**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5884** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ, അവാർഡ് നിർണ്ണയിക്കുന്നതിനുള്ള സമിതി, അപേക്ഷിക്കേണ്ട രീതി എന്നിവയുടെ വിശദാംശം അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ ഓരോ വർഷവും നിശ്ചയിക്കുന്നുണ്ട്. 2021-22 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ 21.01.2023 തീയതിയിലെ സ.ഉ. (സാധാ) നം. 188/2023/ത.സ്വ.ഭ.വ, 28.01.2023 തീയതിയിലെ സ.ഉ. (സാധാ) നം. 247/2023/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.)<br><br>സംസ്ഥാന, ജില്ലാ തലങ്ങളിലുള്ള അവാർഡുകൾ നിർണ്ണയിക്കുന്നതിനായുള്ള സമിതികൾ 30.01.2023 തീയതിയിലെ സ.ഉ. (സാധാ) നം. 267/2023/ ത.സ്വ.ഭ.വ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)<br><br>ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ സൈറ്റ് മുഖേനയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവാർഡ് നിർണ്ണയത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | പുരസ്കാരം നൽകുന്നതിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പൊതുജനാഭിപ്രായംകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | പുരസ്കാരം നൽകുന്നതിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പൊതുജനാഭിപ്രായം കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (സി) | ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകാൻ നടപടി സ്വീകരിക്കാമോ? | (സി) | ഇക്കാര്യം പരിശോധിച്ച ശേഷമേ നടപടി സ്വീകരിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ